കേന്ദ്ര ബഡ്ജറ്റ് - സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ

137 (109) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര ബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അവഗണനാപരമായിരുന്നുവോ; കഴിഞ്ഞ അഞ്ചു വർഷത്തെ കേന്ദ്രബഡ്ജറ്റ് സംസ്ഥാനത്തെ സംബന്ധിച്ച് എന്തെല്ലാം നിലയിലുള്ള അവഗണനയാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ കേന്ദ്ര ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങളായിരുന്നു അവഗണിക്കപ്പെട്ടിരുന്നത്;

(സി) പ്രസ്തുത ആവശ്യങ്ങൾ ഉൾപ്പെടെ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്; പുതുതായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശിപാർശകൾ നൽകാറുണ്ട്. എന്നാൽ ഇത്തരത്തിൽ നൽകിയ ശിപാർശകൾ എല്ലാം തന്നെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെട്ടിട്ടില്ല അക്കാരണത്താൽ കേന്ദ്രബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ച് തികച്ചും അവഗണനാപരമായിരുന്നുവെന്ന് വിലയിരുത്താനാവില്ല.

(ബി) വിവിധ വകുപ്പുകൾ മുഖാന്തരം കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ച ശിപാർശകളിൽ അവഗണിക്കപ്പെട്ടവയെ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(സി) 2016-17 കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തെ സംബന്ധിച്ച് പ്രയോജനപ്രദമായ നികതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട പദ്ധതി അതാത് വകുപ്പുകൾ പ്രത്യേകമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 06.02.2016-ൽ കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായുള്ള സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കാരുണ്യ ചികിത്സാ സഹായ പദ്ധതി

138 (110) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത എത്ര കേസ്സുകൾ ഉണ്ടെന്നു പറയാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭിക്കുമോ;

(ബി) എന്തുകൊണ്ടാണ് സഹായം അനുവദിക്കുന്നതിന് ഇനിയും കാലതാമസം നേരിടുന്നത് എന്നു വ്യക്തമാക്കാമോ;

(സി) സാമ്പത്തിക സഹായം യഥാസമയം ലഭിക്കാത്തതുമൂലം ഗുരുതരമായ രോഗം പിടിപെട്ടവരും ചികിത്സിക്കാൻ പണമില്ലാത്തവരുമായ ഒട്ടേറെ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത 45206 കേസ്സുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) 14 ജില്ലകളിൽനിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചികിത്സാ ധനസഹായം എത്രയും പെട്ടെന്ന് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly